بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**22-05-2026**

# നബിതിരുമേനി(സ)യുടെ ഉദാത്ത ഗുണങ്ങൾ:വിനയം

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

“തശഹ്ഹുദ്, തഅവ്വുദ്, സൂറത്തുൽ ഫാത്തിഹ എന്നിവ പാരായണം ചെയ്തശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്..) അരുളി:

വിനയത്തിന്റെയും താഴ്മയുടെയും വീക്ഷണ കോണിലൂടെ നബിതിരുമേനി(സ)യുടെ ജീവിതത്തെ ഞാൻ പ്രതിപാദിച്ചു വരികയായിരുന്നല്ലോ. ഇന്നും ആ വിഷയം തന്നെ തുടരുകയാണ്. അവിടുന്ന് ചെറിയ കാര്യങ്ങൾ ഉദാഹരിച്ചുകൊണ്ട് തന്റെ വിനയം പ്രകടിപ്പിക്കുമായിരുന്നു. റസൂൽ കരീം(സ) അരുളി: *‘ഒരു അടിമ ഭക്ഷണം കഴിക്കുന്നത് പോലെ ഞാൻ ഭക്ഷണം കഴിക്കുന്നു. ഒരു അടിമ ഇരിക്കുന്നത് പോലെ ഞാൻ ഇരിക്കുന്നു. എന്തെന്നാൽ, ഞാനും ഒരു ദാസൻ മാത്രമാണല്ലോ.’* അതായത്, നേതാക്കന്മാരിലും പ്രമാണിമാരിലും കാണപ്പെടുന്ന അഹങ്കാരമോ അഹംഭാവമോ പ്രകടനപരതയോ എന്നിലില്ല.

ഹദ്റത്ത് അനസ് (റ) നിവേദനം ചെയ്യുന്നു: റസൂൽ കരീം(സ)യുടെ *അസ്ബാഅ്* എന്ന് പേരുള്ള ഒട്ടകം അതീവ വേഗതയുള്ളതായിരുന്നു; അതിനെ മറികടക്കാൻ മറ്റൊരു ഒട്ടകത്തിനും സാധിക്കുമായിരുന്നില്ല. ഒരിക്കൽ ഒരു ഗ്രാമീണൻ തന്റെ കരുത്തുറ്റ ഒട്ടകപ്പുറത്ത് വരികയും മത്സരത്തിൽ ആ ഒട്ടകം അസ്ബാഅ്നെക്കാൾ മുന്നിലെത്തുകയും ചെയ്തു. അസ്ബാഅ് പിന്നിലായതും ഗ്രാമീണന്റെ ഒട്ടകം മുന്നിലെത്തിയതും മുസ്‌ലീങ്ങൾക്ക് അങ്ങേയറ്റം വിഷമമുണ്ടാക്കി. അവരുടെ ഈ മനോഭാവം കണ്ടപ്പോൾ റസൂൽ കരീം(സ)അരുളി: *ഈ ലോകത്ത് ഏതൊരു വസ്തുവിനെ അല്ലാഹു ഉയർത്തുന്നുവോ, അതിനെ താഴ്ത്തി കണിക്കുക എന്നതും അല്ലാഹുവിന്റെ അവകാശമാണ്.*

വിനയത്തിന്റെ മറ്റൊരു ഉദാഹരണം ഹദ്റത്ത് ഉമർ(റ)വിവരിക്കുന്നു:ഞാൻ ഉംറ നിർവ്വഹിക്കാനായി നബി(സ)യോട് അനുവാദം ചോദിച്ചു. അവിടുന്ന് എനിക്ക് അനുവാദം നല്കിക്കൊണ്ട് ഇപ്രകാരം പറഞ്ഞു: *‘എന്റെ സഹോദരാ, നിന്റെ പ്രാർത്ഥനകളിൽ എന്നെ മറക്കരുതേ.’*

ഹദ്റത്ത് ഉമർ (റ) പറയുന്നു: ‘അവിടുന്ന് പറഞ്ഞ ആ വാക്കിന് പകരമായി ഈ ലോകം മുഴുവൻ എനിക്ക് ലഭിച്ചാലും ഞാൻ ഇത്രയധികം സന്തോഷിക്കുമായിരുന്നില്ല.’

ദുആസ്വീകാര്യതയ്ക്ക് അനിവാര്യ ഘടകമായി അല്ലാഹു നിശ്ചയിച്ച ഒന്നാണ് നബി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലുക എന്നത്. എന്നാൽ വിനയത്തിന്റെ പരമാവസ്ഥ നോക്കൂ; അവിടുന്ന് തന്റെ ഒരു മുരീദിനോട് തനിക്ക് വേണ്ടി ദുആ ചെയ്യാൻ അപേക്ഷിക്കുന്നു!

ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഒരു ജോലിയും റസൂൽ കരീം(സ) നിന്ദ്യമായി കണ്ടിരുന്നില്ല. എത്ര ചെറിയ ജോലിയാണെങ്കിലും അവിടുന്ന് അത് സ്വയം ചെയ്തുകൊണ്ട് മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കുകയും പഠിപ്പിക്കുകയും ചെയ്യുമായിരുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഒരിക്കൽ നബി(സ)ഒരു ബാലന്റെ അരികിലൂടെ കടന്നു പോയി. അവൻ ഒരു ആടിന്റെ തോൽ ഉരിക്കുകയായിരുന്നു. അപ്പോൾ അവിടുന്ന് അവനെ മാറ്റി നിർത്തിക്കൊണ്ട് ഇപ്രകാരം അരുളി: *‘നീ അല്പം മാറിനിൽക്കൂ, ഇതിന്റെ ശരിയായ രീതി*

*ഞാൻ നിനക്ക് കാണിച്ചുതരാം. എന്തെന്നാൽ, തോൽ ഉരിക്കുന്നതിൽ നിനക്ക് വേണ്ടത്ര വൈദ ഗ്ധ്യമുള്ളതായി എനിക്ക് തോന്നുന്നില്ല.'*
തുടർന്ന് അവിടുന്ന് തന്റെ കൈ തോലിനും മാംസത്തിനുമിടയിൽപ്രവേശിപ്പിച്ച് കക്ഷത്തോളം ഉള്ളിലേക്ക് കടത്തി. ശേഷം അവിടുന്ന് അരുളി: *'കുഞ്ഞേ, ഇങ്ങനെ തോൽ ഉരിക്കുക.'*
നബി(സ) ആ ബാലന്റെ ജോലി മുഴുവൻ ചെയ്തു കൊടുക്കുകയും അവനെ അത് പഠിപ്പിക്കുകയും ചെയ്തു.
ഹദ്റത്ത് ഖബ്ബാബ്(റ)ന്റെ മകൾ നിവേദനം ചെയ്യുന്നു: പാൽ കറന്നെടുക്കുന്നതിനായി അവർ നബിതിരുമേനി(സ)യുടെ അടുക്കൽ ആടിനെ കൊണ്ടുവന്നു. അവിടുന്ന് ആടിനെ കെട്ടി പാൽ കറക്കാൻ തുടങ്ങി. അവിടുന്ന് അരുളി: *'ഒരു വലിയ പാത്രം കൊണ്ടുവരൂ.'*
ഞാൻ ഒരുവലിയ പാത്രം കൊണ്ടുവന്നപ്പോൾ അവിടുന്ന് പാത്രം നിറയേ പാൽ കറന്നു. ശേഷം അവിടുന്ന് അരുളി:
'*നീ കുടിക്കുക. നിന്റെ അയൽവാസികൾക്കും കുടിക്കാൻ നൽകുക.*'
ഹദ്റത്ത് അനസ് ബിൻ മാലിക് (റ) വിവരിക്കുന്നു: നബി കരീം(സ)യുടെ മുന്നിൽ ഒരാൾ വന്നാൽ അവിടുന്ന് അയാളെ ഹസ്തദാനം ചെയ്യുമായിരുന്നു. ആ വ്യക്തി തന്റെ കൈ പിൻവലിക്കുന്നത് വരെ അവിടുന്ന് കൈ പിൻവലിക്കുമായിരുന്നില്ല. അയാൾ തിരുമേനിയുടെ മുഖത്തുനിന്ന് നോട്ടം മാറ്റുവോളം അവിടുന്ന് തന്റെ നോട്ടം മാറ്റുമായിരുന്നില്ല. ആളുകൾ തന്റെ കൂടെയിരിക്കുമ്പോൾ അവരുടെ മുൻപാകെ അവിടുന്ന് കാൽമുട്ട് വിരിച്ചിരിക്കുന്നത് ഒരിക്കലും കാണപ്പെട്ടിട്ടില്ല.
സാഹിർ എന്ന് പേരുള്ള ഒരു ഗ്രാമീണ സ്വഹാബി ഗ്രാമത്തിലെ വിഭവങ്ങൾ നബി(സ)ക്ക് സമ്മാനമായി കൊണ്ടുവന്നിരുന്നു. അദ്ദേഹം തിരിച്ചുപോകുമ്പോൾ നബി(സ)യും അദ്ദേഹത്തിന് ധാരാളം സാധനങ്ങളും വിഭവങ്ങളും നൽകി യാത്രയാക്കുമായിരുന്നു. അവിടുന്ന് ഇപ്രകാരം പറയും:
'*സാഹിർ നമ്മുടെ ഗ്രാമീണ സുഹൃത്തും, നാം അദ്ദേഹത്തിന്റെ നഗരസുഹൃത്തുമാണ്.*'
ഒരിക്കൽ സാഹിർ (റ) ബസാറിൽ തന്റെ ചില സാധനങ്ങൾ വിറ്റുകൊണ്ടിരുന്നപ്പോൾ നബി തിരുമേനി(സ) വന്ന് പിന്നിലൂടെ അദ്ദേഹത്തെ നെഞ്ചോട് ചേർത്ത് കെട്ടിപ്പിടിച്ചു. ഹദ്റത്ത് സാഹിറിന്(റ) നബി(സ)യെ കാണാൻ സാധിക്കുന്നുണ്ടായിരുന്നില്ല. അദ്ദേഹം ചോദിച്ചു: 'ആരാണിത്? എന്നെ വിടൂ.' തിരിഞ്ഞു നോക്കിയപ്പോൾ നബിയാണെന്ന് തിരിച്ചറിഞ്ഞ അദ്ദേഹം തന്റെ മുതുക് നബി(സ)യുടെ തിരുനെഞ്ചോട് സ്നേഹപൂർവം അമർത്തി വെക്കാൻ തുടങ്ങി.
നബിതിരുമേനി(സ) തമാശരൂപേണ ഇപ്രകാരം വിളിച്ചുപറഞ്ഞു:
*'ഈ അടിമയെ വാങ്ങാൻ ആരെങ്കിലുമുണ്ടോ?'*
ഹദ്റത്ത് സാഹിർ പറഞ്ഞു:'അല്ലാഹുവിന്റെ ദൂതരേ, എങ്കിൽ അങ്ങേയ്ക്ക് ഇതൊരു നഷ്ടക്കച്ചവടമായിരിക്കും.എന്നെ ആരാ വാങ്ങുക!'.ഇതിന് മറുപടിയായി നബികരീം(സ) അരുളി:
'*അല്ലാഹുവിന്റെ അടുക്കൽ നീ ഒരു നഷ്ടക്കച്ചവടമല്ല. ദൈവസന്നിധിയിൽ നീ ഏറെ വിലമതിക്കപ്പെട്ടവനാണ്.*'
ഹദ്റത്ത് ഇമാം ഹുസൈൻ (റ) വിവരിക്കുന്നു: റസൂൽ കരീം(സ) വീട്ടിനുള്ളിൽ എന്താണ് ചെയ്തിരുന്നതെന്ന് ഞാൻ എന്റെ പിതാവിനോട് ചോദിച്ചു. ഹദ്റത്ത് അലി (റ) പറഞ്ഞു: വീട്ടിലെത്തിയാൽ റസൂൽ കരീം(സ) തന്റെ സമയം മൂന്ന് ഭാഗങ്ങളായി തിരിക്കുമായിരുന്നു. ഒരു ഭാഗം അല്ലാഹുവിനായി അർപ്പിക്കും. രണ്ടാമത്തെ ഭാഗം തന്റെ കുടുംബാംഗങ്ങൾക്കായി നൽകും, മൂന്നാമത്തെ ഭാഗം തനിക്കായി മാറ്റിവെക്കും. പിന്നീട് തന്റെ വിഹിതമായി മാറ്റിവെച്ച ആ സമയം പോലും തനിക്കും ജനങ്ങൾക്കുമിടയിൽ വീതിക്കുമായിരുന്നു. പ്രധാന സ്വഹാബികൾ മുഖേന സാധാരണക്കാരിലേക്ക് ദീനീ കാര്യങ്ങൾ എത്തിക്കുന്നത് ആ സമയത്താണ്. അവരിൽ നിന്ന് യാതൊന്നും മറച്ചുവെക്കുമായിരുന്നില്ല.

ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹ്..) അരുളി: നബിതിരുമേനിക്ക് ആദ്യവഹ്‌യ് ലഭിച്ച സന്ദർഭത്തിൽപോലും അവിടുത്തെ വിനയവും താഴ്മയും പ്രകടമായിരുന്നു.
ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) അരുളുന്നു: ''ഹിറാ ഗുഹയിൽ ആദ്യവഹ്‌യ് അവതരിച്ചു. അവിടെ നബിതിരുമേനി(സ) ജിബ്‌രീലിനെ (അ) കണ്ടു. ജിബ്‌രീൽ(അ) നബി(സ)യോട് *ഇഖ്‌റഅ്* എന്ന് പറഞ്ഞു. അതായത്, '*വായിക്കുക.*'

'*എനിക്ക് വായിക്കാൻ അറിയില്ല.*' നബി(സ) പറഞ്ഞു.
ഈ ഭാരം എന്റെ മേൽ ചുമത്തരുതേ എന്നാണ് ഇതുകൊണ്ട് ഉദ്ദേശിച്ചത്. എന്തെന്നാൽ, ആ സമയത്ത് നബിതിരുമേനിയുടെ മുന്നിൽ വായിക്കാനായി പുസ്തകങ്ങളൊന്നും ഉണ്ടായിരുന്നില്ല. ജിബ്രീൽ (അ) പറഞ്ഞുതരുന്നത് അവിടുന്ന് ഏറ്റുചൊല്ലുകയായിരുന്നു വേണ്ടത്. അത് അവിടുത്തേക്ക് സാധിക്കുമായിരുന്നുവെങ്കിലും അവിടുന്ന് വിനയം അവലംബിക്കുകയാണ് ചെയ്തത്. എന്നാൽ അല്ലാഹു ഈ ദൗത്യത്തിനായി നബിതിരുമേനിയെ തിരഞ്ഞെടുത്തതിനാൽ 'വായിക്കുക' എന്ന് ആവർത്തിച്ചു കല്പിച്ചു. ഒടുവിൽ മൂന്നാം തവണ പറഞ്ഞപ്പോൾ അവിടുന്ന് അത് പാരായണം ചെയ്തു.''
ഹദ്റത്ത് ഉമർ(റ) വിവരിക്കുന്നു: ഒരിക്കൽ ഞാൻ നബിതിരുമേനി(സ)യുടെ സവിധത്തിൽ ഹാജരായി. അവിടുന്ന് തന്റെ മട്ടുപ്പാവിലായിരുന്നു. ഒരു പായയിലാണ് അവിടുന്ന് ഇരുന്നിരുന്നത്; തിരുമേനിക്കും ആ പായയ്ക്കുമിടയിൽ മറ്റൊരു വിരിപ്പും ഉണ്ടായിരുന്നില്ല. ഈന്തപ്പനയുടെ നാരുകൾ നിറച്ച തോൽ കൊണ്ടുള്ള ഒരു തലയിണയായിരുന്നു അവിടുത്തെ ശിരസ്സിനടിയിൽ ഉണ്ടായിരുന്നത്. തിരുപാദത്തിനരികിൽ കരുവേലത്തിന്റെ ഇലകൾ കൂട്ടിയിട്ടിരുന്നു. അവിടുത്തെ പാർശ്വഭാഗങ്ങളിൽ പായയുടെ പാടുകൾ പതിഞ്ഞത് ഞാൻകണ്ടു. ഞാൻ കരഞ്ഞുപോയി. *നീ കരയുന്നത് എന്തിനാ?* നബി(സ)ചോദിച്ചു: ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ! കൈസറും കിസ്രായും ആഡംബരങ്ങളിൽ കഴിയുന്നു. അങ്ങ് അല്ലാഹുവിന്റെ പ്രവാചകനായിരുന്നിട്ടും ഈ അവസ്ഥയിലാണല്ലോ!' അപ്പോൾ അവിടുന്ന് അരുളി:
'*അവർക്ക് ദുനിയാവും നമുക്ക് ആഖിറവും ലഭിക്കുന്നതിൽ നീ സംതൃപ്തനല്ലേ?*'
അപമര്യാദയോടെ പെരുമാറുന്നവരോട് പോലും അവിടുന്ന് വിനയത്തോടും സൗമ്യതയോടുമാണ് പെരുമാറിയിരുന്നത്. ഹദ്റത്ത് അബുഹുറൈറ(റ) നിവേദനം ചെയ്യുന്നു: ഒരാൾ റസൂൽ കരീം(സ) യുടെ അടുക്കൽ വന്ന് തന്റെ കടം ആവശ്യപ്പെടുകയും കടുത്ത ഭാഷയിൽ സംസാരിക്കുകയും ചെയ്തു. സ്വഹാബികൾക്ക് ദേഷ്യം വന്നുവെങ്കിലും നബിതിരുമേനി(സ) പറഞ്ഞു:
'*അവനെ വിട്ടേക്കുക, ഒരു ഒട്ടകത്തെ വാങ്ങി അവന് നൽകുക.*'
സ്വഹാബികൾ പറഞ്ഞു: 'അദ്ദേഹത്തിന് നൽകാനുള്ളതിന് തുല്യമായ ഒട്ടകത്തെ ലഭിക്കുന്നില്ല, അതിനേക്കാൾ വിലപിടിപ്പുള്ള ഒട്ടകങ്ങളേയുള്ളൂ.' അപ്പോൾ അവിടുന്ന് അരുളി:
'*അതുതന്നെ അവന് നൽകുക; കാരണം കടം നല്ല നിലയിൽ വീട്ടുന്നവനാണ് നിങ്ങളിൽ ഏറ്റവും ഉത്തമൻ.*'
മക്ക വിജയവേളയിൽ ഹദ്റത്ത് അബൂബക്കർ (റ) തന്റെ പിതാവിനെയും കൂട്ടി റസൂൽ കരീം(സ) യുടെ സന്നിധിയിലെത്തി. അദ്ദേഹത്തെ കണ്ടപ്പോൾ അവിടുന്ന് പറഞ്ഞു:
*അബൂബക്കർ! പ്രായമായ ഇദ്ദേഹത്തെ വീട്ടിൽ തന്നെ ഇരിക്കാൻ അനുവദിക്കാമായിരുന്നില്ലേ? ഞാൻ സ്വയം അദ്ദേഹത്തിന്റെ അടുത്തേക്കു വരുമായിരുന്നുവല്ലോ.*
അബൂബക്കർ (റ) പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ! അദ്ദേഹമാണ് അങ്ങയുടെ സന്നിധിയിൽ വരേണ്ടത്.' നബിതിരുമേനി(സ) അദ്ദേഹത്തെ തന്റെ മുന്നിലിരുത്തി, അദ്ദേഹത്തിന്റെ നെഞ്ചിൽ കൈ തടവിക്കൊണ്ട് ഇപ്രകാരം അരുളി:
'*അങ്ങ് ഇസ്ലാം സ്വീകരിക്കുക, താങ്കൾ സമാധാനത്തിലാകും.*'
അങ്ങനെ അബൂഖുഹാഫ (റ) ഇസ്ലാം സ്വീകരിച്ചു.
നബിതിരുമേനി(സ)യുടെജീവതരീതിയെക്കുറിച്ച് ഹദ്റത്ത് ഹസൻ(റ) വിവരിക്കുന്നു: റസൂൽ കരീം(സ)യുടെ വാതിലുകൾ എല്ലാവർക്കുമായി തുറന്നിട്ടിരുന്നു. തിരുമേനിക്ക് പാറാവ് നിൽക്കുന്നവരായി ആരുമില്ലായിരുന്നു; രാവിലെയും വൈകുന്നേരവും വലിയ പാത്രങ്ങളിൽ വിശിഷ്ടമായ ഭക്ഷണങ്ങൾ നല്കപ്പെട്ടിരുന്നില്ല. അതായത്, ആഡംബര ഭക്ഷണങ്ങൾ വിളമ്പാറുണ്ടായിരുന്നില്ല. കാണാൻ ആഗ്രഹിക്കുന്ന ആർക്കും തിരുമേനിയെ നിഷ്പ്രയാസം കാണാമായിരുന്നു. അവിടുന്ന് നിലത്തിരിക്കുമായിരുന്നു; സാദാ പരുക്കൻ വസ്ത്രങ്ങളാണ് ധരിച്ചിരുന്നത്. കഴുതപ്പുറത്ത് യാത്ര ചെയ്യുകയും മറ്റുള്ളവരെ തന്റെ പിന്നിലിരുത്തുകയും ചെയ്യുമായിരുന്നു. ഭക്ഷണത്തിനു ശേഷംവിരലുകൾ നക്കിവൃത്തിയാക്കുമായിരുന്നു. വിരലുകൾ നക്കി വൃത്തിയാക്കുന്നതിനെക്കുറിച്ച് ഹദ്റത്ത് സൈനുൽ ആബിദീൻ വലിയുല്ലാഹ്

ഷാഹ് സാഹിബ് (റ), ഹദ്റത്ത് ഡോക്ടർ മീർ മുഹമ്മദ് ഇസ്മായിൽ സാഹിബി(റ)നെ ഉദ്ധരിച്ചു കൊണ്ട് ഒരു കുറിപ്പ് ഇപ്രകാരം എഴുതിയിരിക്കുന്നു:

‘മനുഷ്യന്റെ കൈവിരലുകളിൽ സവിശേഷമായ സ്പർശന ശക്തിയുണ്ടെന്നും, അതിനാൽ ഭക്ഷണ ശേഷം വിരലുകൾ നക്കി വൃത്തിയാക്കുന്നത് ദഹനപ്രക്രിയയ്ക്ക് ഏറെ ഗുണകരമാണെന്നുമാണ് വൈദ്യശാസ്ത്ര വിദഗ്ധരുടെ ഏകകണ്ഠമായ അഭിപ്രായം.’

പള്ളി വൃത്തിയാക്കുന്നതിനെക്കുറിച്ച് ഹദ്റത്ത് യഅ്ഖൂബ് ബിൻ സൈദ് (റ) വിവരിക്കുന്നു: റസൂൽ കരീം(സ) പള്ളിയിൽ വന്നടിയുന്ന പൊടിപടലങ്ങൾ ഒരു വടി കൊണ്ട് വൃത്തിയാക്കാറുണ്ടായിരുന്നു. അതായത്, വടിയുടെ അറ്റത്ത് ഒരു തുണിയോ മറ്റോ കെട്ടി അത് ഉപയോഗിച്ച് പൊടി തട്ടിക്കളയുമായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു:

*അല്ലാഹു ഏറെ കരുണാമയനും കൃപാലുവുമാണ്.അവൻ എല്ലാവിധത്തിലും മനുഷ്യനെ പരിപാലിക്കുകയും അവനോട് കരുണ കാണിക്കുകയും ചെയ്യുന്നു. പ്രസ്തുത കരുണ കാരണമാണ് അവൻ മാമൂറീങ്ങളെയും (ദൈവനിയോഗിതർ)പ്രവാചകന്മാരെയും അയക്കുന്നത്;മാലോകരെ പാപഗ്രസ്തമായ ജീവിതത്തിൽ നിന്ന് രക്ഷിക്കാൻവേണ്ടി.എന്നാൽ അഹങ്കാരം അപകടകരമായ ഒരു രോഗമാണ്. ആരിലാണോ ഇത് ജന്മം കൊള്ളുന്നത് അവന്റെ ആത്മീയ മരണത്തിന് അത് കാരണമാകുന്നു. ഈ രോഗം കൊലപാതകത്തേക്കാൾ ഗൗരവതരമാണെന്ന് എനിക്ക് നിശ്ചയമായും അറിയാം. അഹങ്കാരി പിശാചിന്റെ സഹോദരനത്രേ. എന്തെന്നാൽ പിശാചിനെ അപമാനിതനും അവഹേളിതനുമാക്കിയത് അഹങ്കാരമാണ്.അതുകൊണ്ട്, വിശ്വാസിക്ക് അഹങ്കാരം ഉണ്ടാകാൻ പാടില്ല, മറിച്ച് വിനയം, എളിമ, താഴ്മ എന്നിവ അവനിൽ ഉണ്ടായിരിക്കണം എന്നത് ഒരു നിബന്ധനയാണ്. അങ്ങേയറ്റത്തെ വിനയവും താഴ്മയും പ്രകടിപ്പിക്കുക എന്നത് ദൈവനിയോഗിതരുടെ സവിശേഷതയത്രേ. നബിതിരുമേനി(സ)യിലാണ് ഈ ഗുണം സർവോപരി കാണപ്പെട്ടത്. തിരുമേനിയുടെ ഒരു സേവകനോട് ചോദിച്ചു: തിരുമേനി നിങ്ങളോട് എങ്ങനെയാണ് പെരുമാറുന്നത്?. അദ്ദേഹം പറഞ്ഞു: ‘സത്യം പറഞ്ഞാൽ, ഞാൻ തിരുമേനിയെ സേവിക്കുന്നതിനേക്കാൾ തിരുമേനി എന്നെയാണ് സേവിക്കുന്നത്.’*

*അല്ലാഹുമ്മ സല്ലി അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ വബാരിക് വസല്ലിം.*

നബിതിരുമേനി(സ)യുടെ അധ്യാപനങ്ങളെയും അവിടുത്തെ ചര്യയെയും പിന്തുടർന്നുകൊണ്ട് വിനയം കൈക്കൊള്ളാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ.

അവസാനമായി, ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്..) മർഹൂം മുഹമ്മദ് ഇസ്ഹാഖ് സാഹിബിന്റെ മകൻ മലിക് ദാവൂദ് മഹ്മൂദ് സാഹിബിനെ അനുസ്മരിച്ച ശേഷം അദ്ദേഹത്തിന്റെ ജനാസ ഗായിബ് നമസ്കരിപ്പിക്കുമെന്ന് അറിയിക്കുകയും ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ عِبَادَاللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**

ISLAMABAD UK ON 22.05.2026

SUMMARIZED BY MAJLIS ANSARULLAH BHARAT

MALAYALAM TRANSLATION BY HARIF MOHAMMED BM

FOR MALAYALAM DESK, QADIAN

PUBLISHED BY NAZARAT NASHR-O-ISHAAT,

SADR ANJUMAN AHMADIYYA QADIAN 143516